ISC's Ultrashine Excel Sheet launched in Kerala

# ഐഎസ്സിയുടെ അൾട്രാഷൈൻ എക്സ്എൽ ഷീറ്റ് കേരള വിപണിയിൽ

കൊച്ചി: ഇന്ത്യയിലെ പ്രമുഖ സ്ഥാപനമായ രുചി ഗ്രൂപ്പിന്റെയും ജപ്പാൻ കേന്ദ്രീകരിച്ചുള്ള മിത്സുയി കമ്പനിയുടെയും സംയുക്ത സംരംഭമായ ഇന്ത്യൻ സ്റ്റീൽ കോർപറേഷൻ ലിമിറ്റഡ് (ഐഎസ്സി)പുതിയ അൾട്രാഷൈൻ എക്സ്എൽ ഷീറ്റ് കേരളവിപണിയിൽ അവതരിപ്പിച്ചിരിക്കുന്നു.

നാലിഞ്ച് വീതിയിൽ കളർ കോട്ടിങ്ങോടെയുള്ള ഇന്ത്യയിലെ ആദ്യത്തെ 'അൾട്രാകോട്ട്' ഷീറ്റാണിത്.കോൾഡ് റോൾഡ് സ്റ്റീൽ, ഗാൽവനൈസ്ഡ് സ്റ്റീൽ, കളർ കോട്ടട് ഷീറ്റ് , കോയിലുകൾ തുടങ്ങിയവയുടെ പ്രമുഖ ഉൽപ്പാദകരാണ് ഐഎസ്സി. ഗുജറാത്തിലെ കുച്ച് ജില്ലയിലെ ഭിമാസറിലാണ് ഉൽപ്പാദന യൂണിറ്റ്.

ഏറ്റവും നൂതനമായ ഉൽപ്പന്നങ്ങളിലൂടെയാണ് ഐഎസ്സി ഉപഭോക്താക്കളെ സീപിക്കുന്നതെന്ന് ഐഎസ്സി മാർക്കറ്റിങ് വൈസ് പ്രസിഡന്റ് ആർ.കെ. ലോധി പറഞ്ഞു. ഞങ്ങളുടെ ഉൽപ്പന്നങ്ങൾ ലോകോത്തര നിലവാരം പുലർത്തുന്നവയും സാമ്പത്തിക ക്ഷമത ഉറപ്പുനൽകുന്നതുമാണെന്നും അദ്ദേഹം പറഞ്ഞു. പുതിയ ഉൽപ്പന്നമായ അൾട്രാഷൈൻ എക്സ്എല്ലും ഏറ്റവും ആധുനിക സാങ്കേതിക വിദ്യയിലും രൂപകൽപ്പനയിലും നിർമ്മിച്ചിട്ടുള്ളതാണ്. പരമാവധി വാട്ടർ പ്രൂഫിങ് ലഭിക്കത്തക്ക രീതിയിൽ ഓവർലാപ്പിന് കിട്ടത്തക്ക രീതിയിലാണ് നിർമാണം. 650 എംപിഎ സ്ട്രെങ്ങ്ത്ത് ലഭിക്കും. മണിക്കൂറിൽ 180 കിലോമീറ്റർവരെ വേഗത്തിലുള്ള കാറ്റിനെ ചെറുക്കാനും കരുത്തുണ്ട്. വിവിധ വർണങ്ങളിൽ ലഭിക്കുന്ന ഷീറ്റുകൾ വിമാനത്താവളങ്ങൾ, സ്റ്റേഡിയം, വ്യവസായ സ്ഥാപനങ്ങൾ, വീടുകൾ തുടങ്ങിയവയ്ക്കെല്ലാം മേൽക്കൂരയായി ഉപയോഗിക്കാം. പൊട്ട് വീഴാത്തതും അടർന്ന് പോകാത്തതുമാണ് കോട്ടിങ്.